(എ) ഇടുക്കി ജില്ലാ ആസ്ഥാനമായ പൈനാവിലും ചെറുതോണിയിലും വൻതോതിൽ റവന്യൂ ഭൂമി കയ്യേറിയിട്ടുണ്ടോ;

(ബി) ഈ കയ്യേറ്റത്തിന് വ്യാജ പട്ടയം മറയായി ഉപയോഗിച്ചതായി അറിവുണ്ടോ;

(സി) കയ്യേറ്റക്കാർക്ക് വ്യാജ പട്ടയം ലഭിച്ചത് എപ്രകാരമാണ്;

(ഡി) ഇതു സംബന്ധിച്ച് ആർ.ഡി.ഒ. തലത്തിൽ അന്വേഷിച്ചതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അതിലെ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ചെറിയ കയ്യേറ്റങ്ങൾ അല്ലാതെ വലിയ തോതിലുള്ള കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഒരു സംഘം ഉദ്യോഗസ്ഥരും അനുദ്യോഗസ്ഥരും ചേർന്ന് വ്യാജ പട്ടയം നിർമ്മിച്ച് നൽകിയതായി അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

പുതിയ താലൂക്ക് രൂപീകരണം

*8 [128] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
„ കെ. മോഹൻകുമാർ:
„ കെ. സി. വേണുഗോപാൽ:
„ എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള താലൂക്കുകളുടെ വിസ്തൃതി, ജനസംഖ്യ, വികസനം എന്നിവ പൊതുവെ തുല്യമാണോ;

(ബി) അല്ലാത്തപക്ഷം കൂടുതൽ വിസ്തൃതിയും ജനസംഖ്യയുമുള്ള താലൂക്കുകളുടെ കാര്യം പുനരവലോകനം ചെയ്യുവാനും പുതിയ താലൂക്കുകൾ രൂപീകരിക്കുവാനും ഉദ്ദേശമുണ്ടോ;

(സി) എവിടെയെല്ലാം പുതിയ താലൂക്കുകൾ രൂപീകരിക്കണമെന്നാണ് ആവശ്യം ഉയർന്നിട്ടുള്ളത്;

(ഡി) കഴക്കൂട്ടം ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കേണ്ട ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ കഴക്കൂട്ടം കേന്ദ്രമാക്കി ഒരു പുതിയ താലൂക്ക് രൂപീകരിക്കുവാൻ നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) തുല്യമല്ല.

(ബി, സി) പുതിയ താലൂക്കുകളും, വില്ലേജുകളും രൂപീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നിരവധി നിവേദനങ്ങൾ ലഭിച്ചു വരുന്നുണ്ട്. ഇതു കണക്കിലെടുത്ത് സംസ്ഥാനത്തെ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടന സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചു പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ഏകാംഗമായി ഒരു കമ്മീഷനെ സർക്കാർ നിയമിച്ചിട്ടുണ്ട്.

(ഡി, ഇ) ഉണ്ട്. കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിച്ചശേഷം ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ

*9 [129] ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു:
,, കെ. പി. മോഹനൻ:
,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര സ്വാശ്രയ പ്രൊഫഷണൽ കോളേജുകളാണ് ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്;

(ബി) ഇവയിൽ എഞ്ചിനീയറിംഗ് കോളേജുകൾ എത്ര; മെഡിക്കൽ കോളേജുകൾ എത്ര; മറ്റുള്ളവ എത്ര;

(സി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ മൊത്തം എത്ര സീറ്റുകളാണുള്ളത്;

(ഡി) ഇവയിൽ എത്രയെണ്ണം ഈ വർഷം ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഏതൊക്കെ കോളേജുകളിൽ ഏതൊക്കെ വിഷയങ്ങളിലാണ് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) കേരളത്തിൽ ആകെ 196 സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) വിവിധ മേഖലകളിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ എണ്ണം ഇപ്രകാരമാണ്:

(1)	എഞ്ചിനീയറിംഗ് കോളേജുകൾ	..	64
(2)	മെഡിക്കൽ കോളേജുകൾ	..	8
(3)	ഡെന്റൽ കോളേജുകൾ	..	6

LIBRARY ARCHIVES Kerala Legislative Assembly